## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 398** **27.09.2016-ൽ മറുപടിയ്ക്ക്**

## കോട്ടയം ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്ജ് :** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) കോട്ടയം ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്ത നങ്ങൾ അവലോകനം ചെയ്യുന്ന തിനും, വൈദ്യുതി മേഖലയുടെ വികസനാവശ്യങ്ങളും മറ്റ് പ്രശ്നങ്ങളും പരിശോധിയ്ക്കുന്നതിനും 06.9.2016-ൽ കോട്ടയം കളക്ടറേറ്റിൽ ചേർന്ന അവലോക നയോഗത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ചർച്ച ചെയ്തത്; | (എ) 2017 മാർച്ച് മാസത്തോടെ കോട്ടയം ജില്ലയിലെ വൈദ്യുതി എത്താത്ത എല്ലാ വീട്ടുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എം.പി./എം.എൽ.എ.മാർ എന്നിവരുടെ വികസന ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം വിവിധ പദ്ധതികളിൽ നിന്നുള്ള ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് വൈദ്യുതി എത്തിച്ച് വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നതാണ് 06.09.2016-ൽ ചേർന്ന യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തത്. |
| (ബി) ഇതു പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്നും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ; | (ബി) കോട്ടയം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.മാർ അദ്ധ്യക്ഷനായും, എക്സിക്യൂട്ടീവ് /അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് മീറ്റിംഗ് നടത്തുകയും, സെക്ഷൻ ലെവൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് മീറ്റിംഗുകൾ നടത്തുകയും ചെയ്തു.<br>യോഗതീരുമാനപ്രകാരം പ്രസരണ വിഭാഗത്തിൽ നടന്നുവരുന്ന പ്രവർത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. കുറവിലങ്ങാട് 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സ്റ്റാൻഡേർഡിൽ ആണ് |

നിർമ്മിച്ചിരിക്കുന്നത്. ബാക്കിയുള്ള വർക്കുകളുടെ എസ്റ്റിമേറ്റ് എടുത്തു വരുന്നു. 66 കെ.വി. കുത്താട്ടുകുളം-കുറവിലങ്ങാട് ഫീഡർ 110 കെ.വി. ഫീഡറാക്കാനുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കി വരികയാണ്.

2. കടുത്തുരുത്തിയിൽ 33 കെ.വി.യുടെ ഒരു 5 MVA ട്രാൻസ്ഫോമറുകൂടി 2018-19 കാലയളവിൽ സ്ഥാപിക്കുന്നതാണ്.

3. 33 കെ.വി. കല്ലറ സബ്സ്റ്റേഷൻ നിർമ്മാണം 2016 നവംബർ മാസത്തോടെ പൂർത്തിയാക്കാനാകും. , കടുത്തുരുത്തിയിൽ നിന്നും കല്ലറയിലേയ്ക്കുള്ള ലൈനിന്റെ 3 കി.മീ. ദൂരം വലാച്ചിറ നിവാസികളുടെ തടസ്സം കാരണം മുടങ്ങിയിരുന്നു. എന്നാൽ ഇപ്പോൾ പണി പുരോഗമിക്കുന്നുണ്ട്.

4. എരുമേലി സബ്സ്റ്റേഷന്റെയും ലൈനിന്റെയും പണികൾ പുരോഗമിക്കുന്നു. സബ്സ്റ്റേഷൻ 57% പൂർത്തിയായി. 2017 മാർച്ചിൽ തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.
5. മണിമല 33 കെ,വി. സബ്സ്റ്റേഷന്റെ 67% പ്രവർത്തികൾ പൂർത്തിയായി. റാന്നിയിൽനിന്നും മണിമലയിലേക്കുള്ള 17 കി.മീ. 33 കെ.വി. ലൈൻ നിർമ്മാണം പൂർത്തിയായി. 2016 നവംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.
6. ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ പ്രൊഫൈൽ സർവ്വേ കോട്ടയം ജില്ലയിലെ 4 കിലോമീറ്ററിലും പൂർത്തീകരിച്ചു.

(സി) യോഗത്തിൽ മന്ത്രിയെ കൂടാതെ ഏതൊക്കെ എം.എൽ.എ.മാരും ഏതൊക്കെ ഉദ്യോഗസ്ഥരുമാണ് പങ്കെടുത്തതെന്ന് വിശദമാക്കുമോ;

(സി) എം.എൽ.എ.മാരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. സുരേഷ് കുറുപ്പ്, ശ്രീ. മോൻസ് ജോസഫ്, ശ്രീ. എൻ. ജയരാജ്, ശ്രീമതി. സി. കെ. ആശ, ശ്രീ.സി.എഫ്. തോമസ്, കോട്ടയം, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോജി

| | | | |
|---|---|---|---|
| | | | ഫിലിപ്പ്, ജില്ലാ കളക്ടർ ശ്രീമതി. സി.എ. ലത, ഐ.എ.എസ്. ശ്രീ.വേണുഗോപാൽ (ഡയറക്ടർ) വിതരണം/ സുരക്ഷ/ ഉത്പാദനം (ഇലക്ട്രിക്കൽ) ശ്രീ.മോഹനനാഥപണിക്കർ (ചീഫ് എഞ്ചിനീയർ, വിതരണ വിഭാഗം, തിരുവനന്തപുരം മേഖല, ശ്രീമതി. ഉഷാ വർഗ്ഗീസ് (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കോട്ടയം) ശ്രീ. സി.പി. ജോർജ്ജ് (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പാല) ശ്രീ. ജോൺ തോമസ് (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ - പൂവൻ തുരുത്ത് . ബോർഡിലെ എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് ജില്ല പട്ടികജാതി ഓഫീസർ ശ്രീ. എസ്. നസീം തുടങ്ങിയവർ പങ്കെടുത്തു. |
| (ഡി) | യോഗപ്രകാരം എന്തെങ്കിലും റിപ്പോർട്ടുകളോ, മിനിട്സോ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | യോഗത്തിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട്, എരുമേലി, പമ്പ മേഖലകളിൽ ഏതെങ്കിലും പുതിയ വൈദ്യുതി വികസനത്തിന് പദ്ധതിയിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഇ) | യോഗത്തിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് എരുമേലി പമ്പ മേഖലകളിൽ വൈദ്യുതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും ഇട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# സമ്പൂർണ്ണ വൈദ്യുതീകരണം- കോട്ടയത്തു വെച്ച് 06.09.2016-ൽ കൂടി യോഗത്തിന്റെ മിനുട്സ്

ബഹുമാനപ്പെട്ട വൈദ്യുതി-ദേവസ്വം മന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിൽ കോട്ടയം കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ 3 പി.എം ന് യോഗനടപടികൾ ആരംഭിച്ചു. യോഗത്തിന്റെ കൺവീനറായ ജില്ലാകളക്ടർ ശ്രീമതി.സി.എ.ലത ഐ.എ.എസ് സ്വാഗതം ആശംസിച്ചു. കോട്ടയം ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ട് കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീമതി. ഉഷാ വർഗീസ് അവതരിപ്പിച്ചു. 2017 മാർച്ച് മാസത്തോടെ കോട്ടയം സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടിരിക്കുകയാണെന്നും, ജില്ലയിലെ എല്ലാ വീടുകളിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം, എം.പി/എം.എൽ.എ-മാരുടെ വികസന ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, എസ്.സി.പി/ടി.എസ്.പി ഫണ്ട് വിവിധ വികസന പ്രോജക്ടുകളിൽ നിന്നുള്ള ഫണ്ടുകൾ എന്നിവ ഉപയോഗിച്ചും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണം കൊണ്ട് ഉദ്ദേശിക്കുന്നതെന്നും, ബന്ധപ്പെട്ട കൺവീനർമാർ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ) അതാത് നിയോജക മണ്ഡലങ്ങളിലെ എം.എൽ.എമാർ ചെയർപേഴ്സണായി മോണിറ്ററിംഗ് കമ്മിറ്റികൾ നടത്തുകയും, സെക്ഷൻ തല ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും, യോഗം നടത്തുകയും, ചെയ്യുവെന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുകയുണ്ടായി. ഇതുവരെ കോട്ടയം ജില്ലയിൽ 2055 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ 1316 പേർ പൊതു വിഭാഗത്തിലും, 643 പേർ പട്ടികജാതി വിഭാഗത്തിലും 96 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നു എന്നും കോട്ടയം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. ഇവരിൽ 1457 പേർ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ 684 വീടുകൾ വയറിംഗ് നടത്തിയിട്ടുള്ളതും 1357 വീടുകൾ ഇനിയും വയറിംഗ് നടത്തേണ്ടവയുമാണ്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ പ്രകാരം ഏറ്റുമാനൂർ-102, ചങ്ങനാശ്ശേരി-104, കടുത്തുരുത്തി-143, കാഞ്ഞിരപ്പള്ളി-400, കോട്ടയം-105, പുതുപ്പള്ളി-261, വൈക്കം-206, പാലാ-259, പൂഞ്ഞാർ-475 എന്നിങ്ങനെയാണ് വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം എന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു.

വൈദ്യുതി ലൈൻ എത്തിയിട്ടില്ലാത്ത സാധാരണക്കാരായ ജനങ്ങൾക്ക് വൈദ്യുതി എത്തിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. അവതരിപ്പിച്ച ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ മുഴുവൻ പേരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം. വയറിംഗ് നടത്താത്ത സാമ്പത്തിക ബുദ്ധിമുട്ടുള്ള വീടുകൾക്ക് വയറിംഗ് നടത്തുവാൻ വേണ്ട സഹായം നൽകേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്നും ഇതിനുള്ള തുക വകയിരുത്താൻ ശ്രദ്ധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ശ്രീ.

തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ നമ്പറില്ലാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ സാധിക്കുമോ എന്ന് ആശങ്ക പ്രകടിപ്പിച്ചു. 04.08.2012-ലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് ഉടമസ്ഥാവകാശം, കെട്ടിടം അധികൃതമാണോ എന്നിവ പരിശോധിക്കാതെ തന്നെ 100 ച.മീറ്റർ വരെയുള്ള വീട്ടുകൾക്ക് താൽക്കാലിക നമ്പർ അനുവദിക്കാമെന്നും ആയത് ഉപയോഗിച്ച് വോട്ടർ പട്ടിക, കുടിവെള്ള കണക്ഷൻ, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവ ലഭിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചു. കെ.എസ്.ഇ.ബി ജീവനക്കാരുടെ സംഘടനകൾ വയറിംഗ് നടത്താൻ സഹായഹസ്തവുമായി മുമ്പോട്ട് വന്നിട്ടുണ്ട്. വയറിംഗിനായി ഏകദേശം 6500 രൂപ ചിലവാകുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ശ്രീ. സുരേഷ് കുറുപ്പ്, എം.എൽ.എ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ 4 വർഷങ്ങളായി വൈദ്യുതീകരണത്തിനായി എം.എൽ.എ ഫണ്ടിൽ നിന്നും യഥാക്രമം 35 ലക്ഷം, 8 ലക്ഷം, 5 ലക്ഷം, 5 ലക്ഷം രൂപാ വീതം ചെലവഴിച്ചെന്ന് പ്രസ്താവിച്ചു. ഇനിയും ആകെ 38 പേർക്ക് മാത്രമാണ് വയറിംഗ് നടത്തിയവരിൽ വൈദ്യുതി എത്തിക്കുവാനുള്ളതെന്ന് ഏറ്റുമാനൂർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ശ്രീ.മോൻസ് ജോസഫ് എം.എൽ.എ, അംഗൻവാടികളുടെ വൈദ്യുതീകരണം പരിഗണനയിലെടുക്കണമെന്ന് പറയുകയുണ്ടായി. അംഗൻവാടികളെപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബഹു:മന്ത്രി വ്യക്തമാക്കി. എം.എൽ.എ മാരും, വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരും മൂന്ന് മാസത്തിലൊരിക്കൽ കമ്മിറ്റി കൂടണമെന്നും, വൈദ്യുതി പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ ഇതിന് സാധിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചു. ശ്രീ.സി.എഫ്.തോമസ്, എം.എൽ.എ ചങ്ങനാശ്ശേരിയിലെ ജീവനക്കാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്ന് ആവശ്യപ്പെട്ടു. വാഴൂർ മണ്ഡലത്തിൽ ചിറക്കടവ് പഞ്ചായത്തിലെ 10- വാർഡിൽ കാവുംഭാഗം, ഉതിരുകുളം ഭാഗത്ത് ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുകൂടി വലിച്ചിരിക്കുന്ന സിംഗിൾ ഫേസ് ലൈൻ റോഡിലേക്ക് മാറ്റിയാൽ അത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവും, അതിൽകൂടി സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് സാഹചര്യം ഒരുക്കും എന്നും അതുകൊണ്ട് പ്രസ്തുത ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കണമെന്നും ശ്രീ.ജയരാജ്, എം.എൽ.എ ആവശ്യപ്പെട്ടു. ഈ കാര്യം മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നേരത്തെ ഉന്നയിച്ചിട്ടുള്ളതാണെന്നും, കൂടാതെ ബോർഡിലേക്കും, എ.ഡി.എം-നും പ്രസ്തുത വ്യക്തി പരാതി തന്നിട്ടുള്ളതാണെന്നും ഈ ലൈൻ മാറ്റുന്നത് ഒരു സ്വകാര്യ വ്യക്തിയുടെ മാത്രം ആവശ്യമായതുകൊണ്ട് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും പാലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. ഇക്കാര്യം പ്രസ്തുത വ്യക്തിയെ അറിയിച്ചിട്ടുള്ളതാണെന്നും, ഡെപ്പോസിറ്റ് തുക അടച്ച് പ്രസ്തുത ലൈൻ വഴിയിലേക്ക് മാറ്റാവുന്നതാണെന്ന് എ.ഡി.എം-ന്റെ ഉത്തരവുള്ളതാണെന്നും പാലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. ശ്രീ. സുരേഷ് കുറുപ്പ് എം.എൽ.എ, കുമരകം, മണിയാപറമ്പ് എന്നിവിടങ്ങളിലെ പാടശേഖരങ്ങൾക്ക് നടുവിലൂടെ പോകുന്ന ലൈനുകൾ പുതുതായി റോഡ് വന്ന

സ്ഥലങ്ങളിൽ വഴിയിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. കോട്ടയം സർക്കിളിന്റെ പരിധിയിലുള്ള പാടശേഖരങ്ങളിൽ കൂടി വലിച്ചിരിക്കുന്ന പഴയ ലൈനുകൾ പുതുക്കുന്നതിനും, സാധ്യമായ സ്ഥലങ്ങളിൽ റോഡുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി പുഞ്ച പാക്കേജ് എന്ന പേരിൽ 22 കോടിയുടെ പദ്ധതിയ്ക്ക് ബോർഡ് ഉത്തരവുള്ളതാണെന്നും, ഈ പദ്ധതി മൂന്ന് വർഷങ്ങൾകൊണ്ട് പൂർത്തീകരിക്കുമെന്നും കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കണമെന്ന് ബഹു: മന്ത്രി നിർദ്ദേശിച്ചു.

ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ, 66 കെ.വി കുറവിലങ്ങാട് സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്തണമെന്നും 33 കെ.വി കടുത്തുരുത്തി സബ്സ്റ്റേഷൻ 66 കെ.വി സബ്സ്റ്റേഷനായി ഉയർത്തണമെന്നും ആവശ്യപ്പെട്ടു. കുറവിലങ്ങാട് സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷൻ ആക്കാനുള്ള പ്രൊപ്പോസൽ പരിശോധനയിലാണെന്നും, കടുത്തുരുത്തി സബ്സ്റ്റേഷനിൽ ഒരു 5 എം.വി.എ ട്രാൻസ്ഫോർമർ വയ്ക്കാനും കല്ലറ സബ്സ്റ്റേഷൻ ഉൽഘാടനം ചെയ്യാനും, പദ്ധതിയിട്ടിട്ടുണ്ടെന്നും പൂവന്തുരുത്ത് ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു. ശ്രീ. ജയരാജ് എം.എൽ.എ മണിമല സബ്സ്റ്റേഷൻ ഉൽഘാടനം എന്നു നടക്കുമെന്നു ചോദിക്കുകയുണ്ടായി. ടി. സബ്സ്റ്റേഷൻ നവംബറിൽ പൂർത്തിയാക്കുമെന്നും എരുമേലി സബ്സ്റ്റേഷൻ 2017 മാർച്ചിൽ പൂർത്തിയാക്കുമെന്നും പാലാ ട്രാൻസ്മിഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

2017 ഫെബ്രുവരി മാസത്തിൽ നിയമസഭാ മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്താൻ കഴിയണമെന്ന് ബഹു: മന്ത്രി നിർദ്ദേശിച്ചു. പ്രോപ്പർട്ടി ക്രോസിംഗിന് കൺസന്റ് ലഭിക്കാത്ത കേസുകളിൽ എ.ഡി.എം അടിയന്തിര നടപടി സ്വീകരിച്ച് വൈദ്യുതി ലൈൻ വലിക്കാൻ സാഹചര്യമൊരുക്കണമെന്ന് ആവശ്യപ്പെട്ടു. ഇടമൺ-കൊച്ചി 400 കെ.വി ലൈനിന്റെ പ്രൊഫൈൽ സർവ്വേ കോട്ടയം ജില്ലയിൽ ഇനിയും 4 കി.മീ പൂർത്തീകരിക്കാനുണ്ടെന്നും, അത് പൂർത്തിയാക്കാൻ വേണ്ട സഹായം ചെയ്തുകൊടുക്കണമെന്ന് കാഞ്ഞിരപ്പള്ളി എം.എൽ.എ യോടും, ജില്ലാകളക്ടറോടും ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടു.

യോഗം 4 പി.എം- ന് അവസാനിച്ചു.

Hemalatha

സെക്ഷൻ ഓഫീസർ